ട്ടുള്ളത്. കാൽസിനേഷന് അനുയോജ്യമല്ലാത്ത ലോ ഗ്രേഡ് ബോക്സൈറ്റ് കേരളത്തിലും, പുറത്തുമുള്ള സിമന്റ് ഹാക്ടറികളിലേക്കും കയറ്റി അയയ്ക്കപ്പെടുന്നതാണ്. കാൽസൈൻഡ് ഉൽപ്പാദിപ്പിക്കുവാനുള്ള സന്നദ്ധത അപേക്ഷകർ പ്രകടിപ്പിച്ചിട്ടുണ്ട്.

(എഫ്) സർക്കാരിന് ഇതു സംബന്ധമായി പ്രോജക്ട് റിപ്പോർട്ട് ഒന്നും കമ്പനി സമർപ്പിച്ചിട്ടില്ല.

പുതിയ വ്യവസായ സംരംഭങ്ങൾ ആരംഭിക്കാൻ നടപടി

29 [482] *ശ്രീ. കെ. കെ. ഷാജു:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പന്തളം മണ്ഡലത്തിലെ ആലപ്പുഴ ജില്ലയിൽപ്പെട്ട കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിന്റെ നിലവിലുള്ള സ്ഥിതി വെളിപ്പെടുത്തുമോ;

(ബി) ഈ ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ ഒഴിഞ്ഞ് കിടക്കുന്ന പ്ലോട്ടുകളിൽ കൂടുതൽ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) ഇത്തരത്തിലുള്ള കൂടുതൽ വ്യവസായ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പന്തളം മണ്ഡലത്തിലെ ആലപ്പുഴ ജില്ലയിലെ കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ കീഴിൽ ഇപ്പോൾ 41 വ്യവസായ യൂണിറ്റുകളാണുള്ളത്. അവയിൽ 6 എണ്ണം പ്രവർത്തന രഹിതമാണ്. പ്രവർത്തന രഹിതമായ യൂണിറ്റുകൾ തിരിച്ചെടുത്ത് വ്യവസായികൾക്കു നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കൊച്ചാലുംമൂട് വ്യവസായ എസ്റ്റേറ്റിൽ സിഡ്കോയുടെ അധീനതയിൽ 19.15 ഏക്കർ ഭൂമി ഉണ്ട്. 16.75 ഏക്കർ ഭൂമി വ്യവസായ സംരംഭകർക്ക് അലോട്ടുചെയ്തുകഴിഞ്ഞു. ഇവിടെ മൊത്തം 38 ഷെഡ്ഡുകളാണ് ഉള്ളത്.

(ബി) കൊച്ചാലുംമൂട് ഇൻഡസ്ട്രിയൽ എസ്റ്റേറ്റിൽ വ്യവസായ വകുപ്പിന്റെ കീഴിൽ പ്ലോട്ടുകളൊന്നുംതന്നെ ഒഴിഞ്ഞു കിടക്കുന്നില്ല. സിഡ്കോയുടെ ഒഴിഞ്ഞു കിടക്കുന്ന സ്ഥലങ്ങൾ അപേക്ഷിക്കുന്നതനുസരിച്ച് നൽകാൻ നടപടി സ്വീകരിച്ചുവരുന്നു.

(സി) കൂടുതൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് വ്യവസായ വകുപ്പ് നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ പഞ്ചായത്ത് തലത്തിൽ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിനും, സ്വകാര്യ വ്യവസായ വാണിജ്യ എസ്റ്റേറ്റുകൾ തുടങ്ങുന്നതിനുംവേണ്ട സഹായങ്ങൾ നൽകുന്നുണ്ട്. സിഡ്കോയുടെ കീഴിലുള്ള ഇൻഡസ്ട്രിയൽ പാർക്കുകൾ വികസിപ്പിച്ചെടുത്ത് വ്യവസായികൾക്ക് കൈമാറുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly